# NSPHSS PUTTADY

# *Techi Tips*

## DIGITAL MAGAZINE 2020

# Cyber Safety Class

Merin Moncy




Little kite Beginners Class

Lead by Bijesh Kuriakose , MTC Kattappana



# പഴഞ്ചൊല്ലുകൾ

- എല്ലുമുറിയെ പണിയെടുത്താൽ പല്ലു മുറിയെ തിന്നാം
- ഉപ്പു തിന്നവൻ വെള്ളം കുടിക്കും.
- എടുത്തിട്ടാലും പൂച്ച നാല് കാലിൽ.
- ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും.
- ഒത്തു പിടിച്ചാൽ മലയും പോരും.
- കാക്ക കുളിച്ചാൽ കൊക്കാകുമോ.
- കുന്തം പോയാൽ കുടത്തിലും തപ്പണം.
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
- തുടക്കം നന്നായാൽ മുടക്കം വരില്ല.
- അറിവാണ് ശക്തി.
- ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും.
- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കില്ല.
- ആവശ്യം സൃഷ്ടിയുടെ മാതാവ്.
- ഉള്ളിലുള്ളത് കണ്ണിലറിയാം.
- പലതുള്ളി പെരുവെള്ളം.
- വിതച്ചതേ കൊയ്യൂ.
- തേടിയ വള്ളി കാലിൽ ചുറ്റി.
- നിറകുടം തുളുമ്പില്ല.
- പിള്ള മനസ്സിൽ കള്ളമില്ല.
- വരാനുള്ളത് ദുഃഖിക്കേണ്ട.
- തോൽവി വിജയത്തിന്റെ ചവിട്ടുപടി.
- മടിയൻ മല ചുമക്കും.
- ഇക്കരെ നിന്നാൽ അക്കരെ പച്ച

മഞ്ജിമ മോഹനൻ, 7 എ

# SAY NO TO CHILD LABOUR



By

Malavika Manikkuttan

Std. 10A

# SAVE EARTH.



By

Dhaya Isnover

Std. 10A






By

Alan Jacob

Std. 10 A

Digital Flower Carpet






Dhanushkumar U V


Jishnu S Narayanan

Std 10 A

Digital flower carpet                ~




Allen Jacob&Deepu Manoj    STD 10A



# THE GIFT OF LIFE

I didn't give you the gift of life

But in my heart I know

The love I feelis deeep and real

for us to have each other

Is like a dream come true

No, I didn't give you

The gift of life

life gave me the gift

and that is you..........

Juliya

Std. 9A

# The Milkmaid

A milkmaid was on her way to the market to sell some milk. As she carried the large jug of milk, on top of her head she began to dream of all the things she could do after selling the milk. "With that  money I will buy hundred chicks to rear in my backyard. When they are full grown I can sell them a good prize in the market". As she walked on, she continued dreaming " Then I will buy two young goats and rear them on the land close by . When they are fully grown I can sell them at an even better price."Still dreaming , she said to herself;" Soon I will be able to buy a mother cow , and I will have more to sell. Then I shall have even more money ..........." With these happy thoughts , she began to skip and jump. Suddenly she slipped and fell. The jug broke and all the milk spilt on the ground. No more dreaming now. She sat down and cried.

" DO NOT COUNT YOUR CHICKENS BEFORE THEY ARE HATCHED"

Maria Binoy

Std 9A

# എന്റെ വിദ്യാലയം

എന്റെ ഗ്രാമത്തിൽ ഒരു മികച്ച വിദ്യാലയം. പാവപ്പെട്ടവന്റെ

മക്കളെ മാറോട് ചേർത്ത് നിർത്തുന്ന അധ്യാപകർ.

കുട്ടികളുടെ വ്യക്തിത്വത്തെ വളർത്തുകയും അവരുടെ കലാ

കായിക നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

മനോഹരമായ പൂന്തോട്ടവും സമൃദ്ധമായ പച്ചക്കറി കൃഷിയും.

വിശാലമായ മൈതാനം കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നു.

നമ്മുടെ പൂർവ്വികരുടെ പ്രയത്നമാണ് ഈ ഗ്രാമത്തിൽ ഒരു വിദ്യാലയം.

അവർ കാടും മേടും തെളിച്ച്, ഒരു പാട് ത്യാഗം സഹിച്ചാണ്

ഇവിടെ ഒരു വിദ്യാലയം ഉണ്ടായത്. ഒരു വ്യക്തിയും സമൂഹവും

നാണയത്തിന്റെ ഇരു വശങ്ങളാണ്. വ്യക്തി നന്നായാൽ

സമൂഹം നന്നാകും. വിദ്യാർത്ഥികൾ നന്നായാൽ

സമൂഹം നന്നാകും. വിദ്യാർത്ഥികൾ

നന്നായാൽ വിദ്യാലയം നന്നാകും.

# കുസൃതി ചോദ്യങ്ങൾ

1. ജനിക്കുമ്പോൾ ജനിക്കാത്തതും ജനിച്ചു കഴിയുമ്പോൾ ജനിക്കുന്നതുമായ വസ്തു.
2. പിന്നിട്ട വഴികളിലൂടെ സഞ്ചരിക്കരുത് എന്ന് പറയുന്നതെന്തു കൊണ്ട് ?
3. ഒരക്ഷരം മാറ്റിയാൽ കുഴപ്പമാകുന്ന വാക്ക്
4. ആരും കയറാത്ത ബസ്സ്
5. രണ്ട് അക്ഷരങ്ങളുടെ ഇടയിൽ തണുത്തിരിക്കുന്ന അക്ഷരം ഏത് ?
6. അടിവെച്ചടിവച്ച് കയറ്റം ലഭിക്കുന്ന ജോലി
7. കണ്ടാൽ ചിരിക്കുന്ന ഊണ്
8. വളരും തോറും പേര് മാറുന്ന ഫലം
9. നമുക്ക് കഴിക്കാവുന്ന ആന
10. മാത്സ് ബുക്കിൽ  നമ്മൾ ഒരിക്കലും ഹാപ്പിയല്ലാത്തത് എന്തു കൊണ്ട് ?
11. ബാങ്കിനും മരങ്ങൾക്കും പൊതുവായിട്ടുള്ളത് എന്ത് ?
12. ദൈവം മനുഷ്യന് കൊടുക്കുന്ന ഏറ്റവും വലിയ വരം ?
13. പരുന്തുകൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം ?
14. ആർക്കും ഇഷ്ടമില്ലാത്ത ദേശം ?

<u>ഉത്തരങ്ങൾ</u>

1. പല്ല്
2. പിന്നിട്ട വഴിയിലൂടെ നടന്നാൽ കാലിൽ കൊള്ളും.
3. കുഴലപ്പം
4. സിലബസ്സ്
5. ബി
6. തെങ്ങുകയറ്റം
7. കാർട്ടൂൺ
8. തേങ്ങ
9. ബനാന
10. നിറയെ പ്രോബ്ലം ആയതിനാൽ
11. ബ്രാഞ്ച്
12. വിവരം
13. റാഞ്ചി
14. ഉപദേശം

# പനീർറോൾ

<u>വേണ്ട ചേരുവകൾ</u>

| | | |
|---|---|---|
| 1. ചപ്പാത്തി | - | മൂന്ന് |
| 2. പനീർ | - | 1/2 കപ്പ് |
| 3. തൈര് | - | മൂന്ന് വലിയ സ്പൂൺ |
| ഇഞ്ചി, വെളുത്തുള്ളി അരച്ചത് | - | ഒരു ചെറിയ സ്പൂൺ |
| ഗരം മസാല | - | ഒരു ചെറിയ സ്പൂൺ |
| മുളക് പൊടി | - | ഒരു നുള്ള് |
| ഉപ്പ് | - | പാകത്തിന് |
| 4. കാപ്സിക്കം | - | ഒന്നിന്റെ പകുതി |
| 5. മല്ലിയില അരിഞ്ഞത് | - | ഒരു നുള്ള് |
| 6. സവാള | - | ഒന്ന് |

തയ്യാറാക്കുന്ന വിധം

കനം കുറച്ച് നീളത്തിൽ മുറിച്ച പനീറിൽ മൂന്നാമത്തെ ചേരുവകൾ പുരട്ടി പതിനഞ്ച് മിനിട്ട് വയ്ക്കുക. ഈ പനീരിലേക്ക് ചതുരക്കക്ഷണങ്ങളാക്കിയ കാപ്സിക്കവും സവാളയും ചേർത്തിളക്കി ചെറുതീയിൽ വേവിക്കുക. വെന്തതിന് ശേഷം മല്ലിയില കൂടീചേർത്ത് ഇളക്കി കോരി മാറ്റിവയ്ക്കുക. തയ്യാറാക്കിയ പനീർ കൂട്ട് ചപ്പാത്തിയിൽ നിറച്ച് ചുരുട്ടി എടുത്താൽ പനീർ റോൾ റെഡി.

അതുൽ

എട്ട് എ

## പ്ലാസ്റ്റിക്കും പരിസ്ഥിതിയും

ജീവിതം സുഖപ്പെടുത്തുവാൻ വേണ്ടി മനുഷ്യന്റെ കണ്ടുപിടുത്തമാണ് പ്ലാസ്റ്റിക്ക്. ഇന്ന് ഉപ്പു തൊട്ട് കർപ്പൂരം വരെ പ്ലാസ്റ്റിക്ക് കവറുകളിലാണ് നമുക്ക് ലഭിക്കുന്നത്. നമ്മുടെ കേരളം ഒരു കാലത്ത് അറിയപ്പെട്ടിരുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നായിരുന്നു. എന്നാൽ ഇന്നോ ? മാലിന്യ കേരളം എന്ന പേരിലേക്ക് എത്ര പെട്ടന്നാണ് നമ്മുടെ നാട് മാറിയത്. പ്ലാസ്റ്റിക്ക് കവറുകൾ കുപ്പികൾ, കാരി ബാഗുകൾ മുതലായവ നാം ചുറ്റുപാടും വലിച്ചെറിയാൻ തുടങ്ങി. ഇന്ന് നമ്മുടെ കേരളം ഒരു ദിവസം പുറന്തള്ളുന്നത് ആയിരം ടൺ മാലിന്യമാണ്. എന്നാൽ ഏതെങ്കിലും രീതിയിൽ സംസ്ക്കരിക്കപ്പെടുന്നത് പരമാവധി അയ്യായിരം ടൺ മാലിന്യം മാത്രമാണ്. ബാക്കി അയ്യായിരം ടൺ മാലിന്യം കേരളത്തിൽ അങ്ങോളം ഇങ്ങോളം ചിതറിക്കിടക്കുന്നു. വരും തലമുറയ്ക്ക് ഈ ഭൂമി ആവശ്യമില്ലെന്ന ബോധം ഇല്ലാതെയാണ് നാം മാലിന്യങ്ങൾ ചുറ്റുപാടിലേക്ക് വലിച്ചെറിയുന്നത്.

1912 ലാണ് പ്ലാസ്റ്റിക്ക് വ്യവസായം കേരളത്തിൽ ആരംഭിച്ചത്. പ്ലാസ്റ്റിക്ക് ഇന്ന് ഒരു സാമൂഹിക വിപത്താണ്. പരിസ്ഥിതിയ്ക്ക് ഏറ്റുവാങ്ങാൻ പറ്റാത്ത മാലിന്യം മാറ്റുകയും പ്ലാസ്റ്റിക്ക് തരം തിരിച്ച് സൂക്ഷിക്കുകയും ചെയ്ത് നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് ഉത്തമ പൗരന്മാർ എന്ന നിലയിൽ നമ്മുടെ കടമയാണ്. മാലിന്യ വിമുക്ത കേരളമാക്കാൻ നമുക്ക് കൈകോർക്കാം.

ഗ്രീഷ്മ മറിയം ഷിബു.
ക്ലാസ്സ് 7 എ